മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) 2001-ൽ സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയത്തിൽ, ഇതുവരെ ലാഭകരമായി പ്രവർത്തിച്ചിട്ടില്ലാത്തതും വൻതുക മുടക്കിയാൽ മാത്രം ലാഭകരമാക്കാൻ സാധ്യതയുള്ളതുമായ സ്ഥാപനങ്ങളെ സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് ഇതുവരെ ലാഭകരമായി പ്രവർത്തിച്ചിട്ടില്ലാത്തതും വൻതുക മുടക്കിയാൽ മാത്രം ലാഭകരമാകാൻ സാധ്യതയുമുള്ള 6 സ്ഥാപനങ്ങളെ സ്വകാര്യപങ്കാളിത്തത്തോടെ പുനരുദ്ധരിക്കാൻ തീരുമാനിച്ചിരുന്നു. ഈ കമ്പനികൾക്കായി അപേക്ഷകൾ കിട്ടിയെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടില്ല. തുടർന്ന് എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി(ഇ.ആർ.സി.)യുടെ പ്രവർത്തനം 31-1-2005 മുതൽ സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. (പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി ഒരു പുതിയ സമീപനത്തിന് രൂപം കൊടുക്കുന്നതിനുവേണ്ടി വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, ധന-എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജവകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. സർക്കാരിന് അധിക ബാധ്യത വരുത്താതെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു One Time Support നൽകുവാനുള്ള നയപരമായ തീരുമാനവും സർക്കാർ എടുക്കുകയുണ്ടായി. ഈ വിധത്തിൽ ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് ഈ കമ്മിറ്റി പരിശോധിച്ചു വരികയാണ്.)

(ബി) ഇല്ല.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി രൂപീകരിക്കപ്പെട്ട മന്ത്രിതലക്കമ്മിറ്റി രണ്ടു പ്രാവശ്യം യോഗം ചേരുകയും ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിപ്പോർട്ടുകൾ ഒന്നും തയ്യാറാക്കിയിട്ടില്ല.

ഗവൺമെന്റ് ആയുർവേദ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റുകൾ

*10 [363] *ശ്രീ. സി. പി. മുഹമ്മദ്:*

„ *ബി. വിജയകുമാർ:*

„ *ലൂഡി ലൂയിസ്:*

„ *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആയുർവേദ ആശുപത്രികളിൽ ഏതെല്ലാം വിധത്തിലുള്ള സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റുകൾ നടത്തിവരുന്നു;

(ബി) ഈ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് യൂണിറ്റുകളുടെ സേവനം ആവശ്യപ്പെട്ടുകൊണ്ട് എത്തുന്ന എല്ലാവർക്കും ആവശ്യമായ ട്രീറ്റ്മെന്റ് നടത്തുന്നതിനുള്ള സൗകര്യം ഈ യൂണിറ്റുകളിൽ ലഭ്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അല്ലാത്തപക്ഷം ഈ യൂണിറ്റുകൾ വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) കായ ചികിത്സ, ബാല ചികിത്സ, ഉന്മാദ ചികിത്സ, നേത്രരോഗങ്ങൾ, മർമ്മ ചികിത്സ, ക്ഷാരസൂത്ര ചികിത്സ, പഞ്ചകർമ്മ ചികിത്സ, വിഷചികിത്സ, സ്ത്രീരോഗ ചികിത്സ എന്നീ വിഷയങ്ങളിൽ സ്പെഷ്യാലിറ്റി ചികിത്സകൾ നടത്തി വരുന്നു.

(ബി) പൂർണ്ണമായും ലഭ്യമല്ല.

(സി) പ്ളാൻ ഫണ്ട് ഉപയോഗിച്ചും കേന്ദ്ര ഗവൺമെന്റ് സഹായം ഉപയോഗിച്ചും ഈ വിഭാഗങ്ങളെ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ ഫണ്ട് ഉപയോഗിച്ച് ഈ വിഭാഗങ്ങൾക്കാവശ്യമായ കിടക്കകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ആശുപത്രികളിൽ നടന്ന അക്രമപ്രവർത്തനങ്ങൾ

*11 [364] *ശ്രീ. ജി. കാർത്തികേയൻ:*

„ *എം. എം. ഹസ്സൻ:*

„ *കെ. എ. ചന്ദ്രൻ:*

„ *കെ. മോഹൻകുമാർ:*

„ *ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ യഥാസമയം ചികിത്സ നൽകാതിരുന്നതു കൊണ്ടോ ആശുപത്രി അധികൃതരുടെ അനാസ്ഥകൊണ്ടോ മരണം സംഭവിച്ചുവെന്ന ആരോപണത്തിൻമേൽ ഈ വർഷം ഇതുവരെ എത്ര സർക്കാർ ആശുപത്രികളിൽ അക്രമ പ്രവർത്തനങ്ങൾ നടന്നു;

(ബി) ഗവൺമെന്റ് ആശുപത്രികളിൽ കൈക്കൂലിയും അഴിമതിയും വ്യാപകമായിത്തീർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ഒഴിവാക്കുവാൻ എന്തെങ്കിലും ക്രിയാത്മക നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) അപകടത്തിൽ പരിക്കേറ്റ ഒരു രോഗിക്ക് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ മതിയായ ചികിത്സ ലഭിച്ചില്ലെന്നും, മതിയായ സമയത്ത് ആംബുലൻസിന്റെ സേവനം ലഭ്യമായില്ലെന്നും ആരോപിച്ച് 25-4-2005-ൽ ഒരുസംഘം ആളുകൾ ആശുപത്രിയിൽ അക്രമ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly